സിറ്റിസൺ അസ്സിസ്റ്റൻറ്
<u>തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥിരം അദാലത്ത്</u>

(Refer GO No.916/2023/LSGD dt 25-4-23 and Letter No. LSGD/PD/20630/2023-VIGAS dt 17-5-23 of Principal Director)

(കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, നമ്പറിംഗ്, ലൈസൻസുകൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹരജികൾ പരിഗണിക്കുന്നതിന് )

ഉപജില്ലാ അദാലത്ത് സിറ്റിംഗ് തിയ്യതി 18-1-24ന് 11 എ. എംന്

<u>മിനുട്സ്</u>

ഹാജർ :

1. ഖാലിദ് പി.കെ. ഇന്റേണൽ വിജിലൻസ് ഓഫീസർ (കൺവീനർ)
2. റെനി എൽ.ജെ., ഡെപ്യൂട്ടി ടൌൺപ്ലാനർ (അംഗം)
3. അജയകുമാർ . അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അംഗം.)
4. മനോജ് കുമാർ ഓവർസീയർ, പൊന്നാനി നഗരസഭ
5. സെക്രട്ടറി, വളാഞ്ചേരി നഗരസഭ
6. അസി.സെക്രട്ടറി, ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്
7. സെക്രട്ടറി, മാറാക്കര ഗ്രാമപഞ്ചായത്ത്
8. ഹെഡ് ക്ലാർക്ക്, കാലടി ഗ്രാമപഞ്ചായത്ത്.
9. സെക്ഷൻ ക്ലാർക്ക്, കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത്
10. സെക്രട്ടറി, തവനൂർ ഗ്രാമപഞ്ചായത്ത്.
11. സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്.
12. സെക്രട്ടറി, വട്ടംകുളം ഗ്രാമപഞ്ചായത്ത്.
13. സൈദലവി(മുഹമ്മദ് കുട്ടി ടി ടി,) ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്.
14. സുബൈർ കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത്.
15. സൈതാലു വളാഞ്ചേരി നഗരസഭ
16. മുഹമ്മദാലി സാക്കിർ ടി വളാഞ്ചേരി നഗരസഭ
17. ഉബൈദ് തവനൂർ ഗ്രാമപഞ്ചായത്ത്
18. മുഹമ്മദ് സിദ്ധിഖ് ജി, തവനൂർ ഗ്രമപഞ്ചായത്ത്
19. ലീല (M/o.ഭവിത പി വി), വട്ടംകുളം ഗ്രാമപഞ്ചായത്ത്
20. കുഞ്ഞി ഹൈദർ മൗലവി (അബ്ദുൽ ഷുക്കർ എം,) വട്ടംകുളം ഗ്രാമപഞ്ചായത്ത്.
21. കുഞ്ഞി ഹൈദർ മൗലവി, വട്ടംകുളം ഗ്രാമപഞ്ചായത്ത്
22. നൌഷാദ്, (W/o. ജമീല), പൊന്നാനി നഗരസഭ

അദാലത്തിൽ പരിഗണിച്ച അപേക്ഷകളുടെ/പരാതികളുടെ വിവരം

| Sl No. | Doc. No: | Service Type | Local body | Applicant | Phone |
|---|---|---|---|---|---|
| 1 | BPMPM 20953000004 | Building Permit | Irimbiliyam | മുഹമ്മദ് കുട്ടി ടി.ടി. | 9846455786 |
| 2 | CRMPM 21222000002 | Civil Registrations | Kalady | Thanka MP | 975025177 |
| 3 | BPMPM 20972000005 | Building Permit | Kalpakancheri | Subair | 8086877746 |
| 4 | BPMPM 20954000016 | Building Permit | Marakkara | Manager | 9539333344 |
| 5 | BPMPM 21273000004 | Building Permit | Valanchery | Saithalu M | 9847797754 |
| 6 | BPMPM 21273000005 | Building Permit | Valanchery | മുഹമ്മദാലി ശാക്കിർടി. | 9005550172 |
| 7 | BPMPM | Building Permit | Kuttippuram | മൊയ്തീൻകുട്ടി | 9539444081 |

| | | | | | |
|---|---|---|---|---|---|
| | 20955000026 | | | | |
| 8 | TLMPM 20955000027 | Trade License | Kuttippuram | റസലത്ത് കെ. | 9995154767 |
| 9 | BPMPM 20955000028 | Building Permit | Kuttippuram | വിജയൻ | 8281931614 |
| 10 | BPMPM 20986000006 | Building Permit | Tavanur | Ubaid | 8075000700 |
| 11 | BPMPM 20986000007 | Building Permit | Tavanur | മുഹമ്മദ് സിദ്ദീഖ് ജി | 9846126329 |
| 12 | BPMPM 20986000008 | Building Permit | Tavanur | Prema | 9945434949 |
| 13 | BPMPM 20987000010 | Building Permit | Vattamkulam | Bavitha P V | 9567405740 |
| 14 | BPMPM 20987000012 | Building Permit | Vattamkulam | Abdul Shukkoor M | 9526672100 |
| 15 | BPMPM 20987000013 | Building Permit | Vattamkulam | Kunchi Hider Moulavi | 952667201 |
| 16 | BPMPM 20210000023 | Building Permit | Ponnani | Beevu Palakkal | 9746461891 |
| 17 | BPMPM 20210000024 | Building Permit | Ponnani | Abdul Latheef | 9961070001 |
| 18 | BPMPM 20210000025 | Building Permit | Ponnani | Chandramathi | 9961370694 |
| 19 | BPMPM 20210000026 | Building Permit | Ponnani | ആയിഷ ഹംസു | 8089992815 |
| 20 | BPMPM 20210000027 | Building Permit | Ponnani | വിചിത്ര | 9961211045 |
| 21 | BPMPM 20210000028 | Building Permit | Ponnani | Hassan | 8606053714 |
| 22 | BPMPM 20210000029 | Building Permit | Ponnani | അബ്ദുൾ കരീം | 8129279266 |
| 23 | BPMPM 20210000030 | Building Permit | Ponnani | ഷിജി | 9961370700 |
| 24 | BPMPM 20210000031 | Building Permit | Ponnani | Kareem | 8075741060 |
| 25 | BPMPM 20210000032 | Building Permit | Ponnani | Jameela | 9656465684 |

അദാലത്ത് സിറ്റിംഗ് ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസിൽ വെച്ച് 18-1-24ന് 11 a.m. മുതൽ 1.45 പി എം വരെ ഓൺലൈനായി നടത്തി. അദാലത്ത് അംഗവും ഡെപ്യൂട്ടി ടൌൺ പ്ലാനറുമായ ശ്രീമതി. റെനി എൽ ജെ ജില്ലാ ടൌൺ പ്ലാൻ ഓഫീസിൽ നിന്നും അദാലത്ത് കൺവീനറും ഇൻറേണൽ വിജിലൻസ് ഓഫീസറുമായി ശ്രീ. ഖാലിദ് പി.കെ, അദാലത്ത് അംഗവും കുറ്റിപ്പുറം ബ്ലോക്ക് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ (adnl charge) ശ്രീ. അജയകുമാർ പി എന്നിവരും സെക്രട്ടറിമാരും, പരാതിക്കാരും ഓൺലൈനായും അദാലത്തിൽ പങ്കെടുത്തു. പരിഗണിച്ച പരാതികളെല്ലാം നവകേരള സദസ്സിൽ ലഭിച്ചവയാണ്.

11/01/2023 ലെ അദാലത്ത് തീരുമാനങ്ങൾ സെക്രട്ടറിമാർ നടപ്പിലാക്കിയത് യോഗം അവലോകനം ചെയ്തു.

## <u>തീരുമാനങ്ങൾ</u>

**പരാതി 1.**

**ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്**

**ശ്രീ. മുഹമ്മദ് കുട്ടി ടി.ടി., തൊണ്ടിയിൽ ഹൌസ്, പുറമണ്ണൂർ** എന്നവർ റീ. സ. 361/5 ൽ പെർമിറ്റ് നം. എ4-150/17 തിയ്യതി 5-8-2017 പ്രകാരം പണിയുന്ന വീടിന്റെ പെർമിറ്റ് 21-10-20ന് 20-10-23

വരെ പുതുക്കി നൽകിയെന്നും പണി കഴിയാത്തതിനാൽ വീണ്ടും പുതുക്കുന്നതിന് 04/09/2023 ന് അപേക്ഷ നൽകിയിരുന്നു. ആയത് പുതുക്കി നൽകുന്നില്ല എന്നാണ് പരാതി.

പരാതിക്കാരനായ മുഹമ്മദ്കുട്ടിക്ക് വേണ്ടി സഹോദരൻ സൈദലവിയും ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറിയും അദാലത്തിൽ ഹാജരായിരുന്നു. പരാതിക്കാരന്റെ പെർമിറ്റ് അപേക്ഷ ഫയൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ കാണുന്നില്ല അതിനാലാണ് പുതുക്കി നൽകാൻ കഴിയാത്തത് എന്നും കൈവശ രേഖ പ്രകാരം ഭൂമി നിലമാണ് എന്നും അസി. സെക്രട്ടറി അറിയിച്ചു. 2020ൽ അഞ്ചുവർഷത്തിനു പകരം മൂന്നുവർഷത്തേക്കാണ് പെർമിറ്റ് പുതുക്കി നൽകിയിട്ടുള്ളത് എന്ന് കാണുന്നു. പരാതിക്കാരന്റെ പേരും അപേക്ഷയുടെ വിവരവും പെർമിറ്റ് അപ്ലിക്കേഷൻ റജിസ്റ്ററിലും റെക്കോർഡ് റൂം രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫിസിക്കൽ കോപ്പി കാണുമാനില്ല എന്നാണ് സെക്രട്ടറി അറിയിച്ചത്. പരാതിക്കാരന്റെ കയ്യിൽ പെർമിറ്റ് കോപ്പിയും പ്ലാനും ഉണ്ടെങ്കിൽ ആയത് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഹാജരാക്കാൻ പരാതിക്കാരന് നിർദ്ദേശം നൽകി. പരാതിക്കാരന്റെ ഫയൽ തെരഞ്ഞു കണ്ടുപിടിച്ച് KPBR 2019 റൂൾ 15ലെ വ്യവസ്ഥകൾ പ്രകാരം ഫീസ് അടച്ച് പുതുക്കി കൊടുക്കുന്നതിനു ആവശ്യമായ നടപടികൾ ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 2**

**കാലടി ഗ്രാമപഞ്ചായത്ത്**

**ശ്രീമതി തങ്ക എം.പി., മാത്തുപ്പറമ്പിൽ ഹൌസ്, കാലടി** എന്നവർ അവരുടെ ഭർത്താവ് മാത്തുപ്പറമ്പിൽ കോർമ്മൻ എന്നവർ 2013 ജൂൺ 22 ന് മരണപ്പെട്ട വിവരം പഞ്ചായത്തിൽ അറിയിക്കാത്തതിനെ തുടർന്ന് മരണ സർട്ടിഫിക്കറ്റ് അനുവദിച്ചു കിട്ടിയില്ല എന്നാണ് പരാതിപ്പെട്ടിരിക്കുന്നത്.

പരാതിക്കാരി അദാലത്തിൽ ഹാജരായിരുന്നില്ല. മരണം വൈകി രജിസ്റ്റർ ചെയ്യുന്നതിന് തങ്ക അപേക്ഷ നൽകിയിട്ടില്ലെന്ന് സെക്രട്ടറിക്ക് വേണ്ടി ഹെഡ് ക്ലാർക്ക് അറിയിച്ചു. പരാതിക്കാരിയുടെ മകനുമായി ഫോണിൽ സംസാരിച്ചത് പ്രകാരം NAC ലഭിക്കുന്നതിന് അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മരണം വൈകി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി തിരൂർ ആർ ഡി ഒക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതുണ്ടെന്നും ആയതിലേക്ക് എൻ എ സി കാലടി പഞ്ചായത്തിൽനിന്നും ലഭിക്കുന്നതിനുള്ള പ്രത്യേക അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കുവാനും പരാതിക്കാരിയെ രേഖമൂലം അറിയിക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. RDO ഉത്തരവ് ലഭിക്കുന്ന മുറക്ക് ഇനി പരാതിക്ക് ഇടയില്ലാത്ത വിധം മരണം രജിസ്റ്റർ ചെയ്ത് നൽകുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**പരാതി 3**

**കൽപ്പകാഞ്ചേരി ഗ്രാമപഞ്ചായത്ത്**

**ശ്രീ സുബൈർ, കുന്നത്ത് ഹൌസ്, എരനെല്ലൂർ** എന്നവർ അദാലത്തിൽ ഹാജർ ആയിരുന്നു. പ്രവാസികളായ സുബൈർ മുതൽപേർ കടുങ്ങാത്തുകുണ്ടിൽ ശ്രീ. സൈതലവി എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 390 Squire Feetൽ മേൽക്കൂര കമ്പിയും ഓടുമായി കെട്ടിടം വെച്ച് വാടകയ്ക്ക് എടുത്ത് ചായക്കട നടത്തിവരുന്നു. ലൈസൻസ് ലഭ്യമാകുന്നതിനു മുൻപേ തന്നെ പരാതിക്കാർ കച്ചവടം തുടങ്ങിയിരുന്നു. ലൈസൻസിന് വേണ്ടിയാണ് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചത്. ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആറ് സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉണ്ട്. എന്നാൽ ഈ സ്ഥാപനത്തിന് മാത്രമാണ് ലൈസൻസ് ലഭ്യമാകാത്തത് എന്നാണ് സുബൈർ അറിയിച്ചത്. പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് മഴവെള്ള സംഭരണി, വേസ്റ്റ് വാട്ടർ ടാങ്ക്, ബാത്ത്റൂം എന്നിവ പരാതിക്കാരൻ നിർമ്മിച്ചതായി അറിയിച്ചു. കെട്ടിടത്തിന്റെ യഥാർത്ഥ ഉടമയായ ശ്രീ. സൈതലവി കടുങ്ങാത്തുണ്ട് അങ്ങാടിയിൽ നിലവിലുള്ള കെട്ടിടത്തോട് കൂട്ടിച്ചേർത്ത ഭാഗം ക്രമവൽക്കരണത്തിനായി അപേക്ഷ നൽകിയതിൽ 257.25 മീറ്റർ സ്ക്വയർ പ്ലോട്ടിന് പകരം 182 മീറ്റർ സ്ക്വയർ ആണ് അപേക്ഷയിൽ കാണിച്ചിരിക്കുന്നത്. 70 ചതുരശ്ര. മീറ്റർ ക്രമവൽക്കരിക്കേണ്ടതുണ്ട്. കെട്ടിട ഉടമക്ക് ചട്ടലംഘനങ്ങൾ പരിഹരിക്കുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറിക്ക് വേണ്ടി ഓവർസീയർ അറിയിച്ചു. ചാടക്കട നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടം ക്രമവൽക്കരിക്കേണ്ടതുണ്ട്. കെട്ടിടത്തിന് 1.20 മീറ്റർ റോഡിൽ നിന്നും അകലം വിടാതെയാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കെട്ടിട

വിസ്തീർണ്ണത്തിലെ വ്യത്യാസത്തിന് കാരണം സഞ്ചയ സോഫ്റ്റ്‌വെയറിൽ അസ്സസ്മെന്റ് രജിസ്റ്റർ വിവരങ്ങൾ എൻടി നടത്തിയതിൽ വന്ന അപാകതയാണോ എന്ന് പരിശോധിക്കുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി. കെട്ടിട ഉടമക്ക് നൽകിയ കത്തിൽ പറയുന്ന അപാകതകൾ പരിഹരിച്ച് കെട്ടിടം ക്രമവൽക്കരിച്ച് നൽകിയാലെ ലൈസൻസിനുള്ള അപേക്ഷ പരിഗണിക്കുവാൻ കഴിയുകയുള്ളൂ എന്നും അപാകതകൾ പരിഹരിച്ച് ക്രമവൽക്കരണ അപേക്ഷ പുനസമർപ്പിക്കുന്നതിന് കെട്ടിട ഉടമക്ക് ഓർമ്മകുറിപ്പ് നൽകുന്നതിനും വിവരം പാരാതിക്കാരനെ അറിയിക്കുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**പരാതി 4**

**മാറാക്കര ഗ്രാമപഞ്ചായത്ത്**

**മാനേജർ, കാടാമ്പുഴ എൽ.പി.സ്കൂൾ.** സ്കൂളിന്റെ ഭൌതിക സൌകര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്കൂളിന് പുതിയ കെട്ടിടം ഉണ്ടാക്കുന്നതിന് പെർമിറ്റ് ലഭ്യമാകുന്നതിന് വേണ്ടിയാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പെർമിറ്റിന്/ക്രമ വക്കരിക്കുന്നതിന് മാറാക്കര ഗ്രാമപഞ്ചായത്തിൽ 20-10-22ന് സമർപ്പിച്ച അപേക്ഷ അപാകതകൾ ചൂണ്ടിക്കാണിച്ച് മടക്കിയിരിക്കുകയാണെന്നും പരാതിയിൽ പറയുന്നു.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുത്തതിന് മുമ്പുള്ള കെട്ടിടങ്ങളോട് ചേർന്ന് പുതിയ നിർമ്മിതി നടത്തിയതാണ്. പുതിയ കെട്ടിടം ആയതിനാൽ അധിക നിർമ്മാണമായി പഞ്ചായത്ത് പരിഗണിച്ചത്. ആക്സസ് വിഡ്ത്ത് സ്കൂളുകൾക്ക് 3.60 ആണ് എന്നാൽ സൈറ്റിൽ രണ്ട് മീറ്റർ ഇല്ലെന്നാണ് കാണുന്നത്. ചട്ടങ്ങൾ പാലിക്കാത്തതിനാൽ അപേക്ഷ നിരസിച്ചുകൊണ്ട് 24-11-22ന് മാനേജർക്ക് പഞ്ചായത്തിൽനിന്നും കത്ത് നൽകിയതായി കാണുന്നു. റോഡ് പ്രശ്നം ഒഴികെ ബാക്കി ന്യൂനതകളെല്ലാം പഞ്ചായത്ത് തലത്തിൽ തീരുമാനിമാക്കാം എന്ന് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത്/അപേക്ഷകൻ തലത്തിൽ പരിഹരിക്കാവുന്ന പരിഹരിച്ച് നൽകുന്നതിന് പരാതിക്കാരന് നിർദ്ദേശം നൽകി തീരുമാനിച്ചു. പഞ്ചയാത്ത് അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 14/717 എന്ന നമ്പറിലുള്ള സ്കൂൾ കെട്ടിടം പഴയ ഉടമസ്ഥനായ അബ്ദുൽ ലത്തീഫിന്റെ പേരിലാണ് ഉള്ളത്. കെട്ടിടങ്ങളുടെ ഏരിയ വ്യത്യാസത്തനിന് കാരണം അസ്സസ്സ്മെന്റ് രജിസ്റ്റർ കമ്പ്യൂട്ടറൈസ് ചെയ്യപ്പോൾ സംഭവിച്ചതാകാൻ സാധ്യത കാണുന്നു. ഇതും സെക്രട്ടറി പരിശോധിക്കണം. ഇത് ഗ്രൂപ്പ് ബി എജ്യൂക്കേഷൻ ബിൽഡിംഗ് ആയതിനാൽ ഫയൽ നേരിൽ പരിശോധിച്ചതിന് ശേഷം സർക്കാരിലേക്ക് ഇളവിന് സമർപ്പിക്കുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

**പരാതി 5**

**വളാഞ്ചാരി നഗരസഭ**

**സൈതാലു എം., S/o. ബാവു, മേലേതിൽ മൂടാൽ, കുറ്റിപ്പുറം.** രണ്ട് നിലകളിലായുള്ള കെട്ടിടത്തിൻറെ മുകളിലത്തെ നിലയിലെ മൂന്ന് മുറികൾക്ക് നമ്പർ ലഭിക്കുന്നതിനായി 12-9-18നും 30-5-23നും പരാതിക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നു. 1991 - 92 വർഷത്തിൽ പണി കഴിപ്പിച്ച കെട്ടിടമാണ് താഴത്തെ നില എന്നാണ് പരാതിക്കാരൻ പറയുന്നത്.

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. കെട്ടിടത്തിന്റെ താഴത്തെ നില 30-3-2000 ന മുൻപ് നിർമ്മിച്ചതാണെങ്കിൽ ചട്ടം 72 ൽ പറയുന്ന ഇളവുകൾക്ക് അർഹതയുണ്ടോ എന്ന് പരിശോധിച്ച് പരാതിക്കാരന് മറുപടി നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 6**

**വളാഞ്ചാരി നഗരസഭ**

**മുഹമ്മാദലി ശാക്കീർ ടി., തുറക്കൽ ഹൌസ്, തൊഴവാന്നൂർ** എന്നവർ കെട്ടിട നമ്പർ അനുവദിക്കുന്നതിനായാണ് പരാതി നൽകിയിരിക്കുന്നത്. കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള പ്ലാനിൽ ബാൽക്കണിയുടെ മുൻഭാഗം 30 സെ.മീ. അധികമുള്ളതും വഴിയുടെ 30 സെ.മീ. വീതിക്കുറവും ഇളവുചെയ്ത് കെട്ടിട നമ്പർ അനുവദിക്കണമെന്നാണ് പരാതിക്കാരൻ അദാലത്തിൽ സൂചിപ്പിച്ചത്. നഗരസഭാ നിർദ്ദേശമനുസരിച്ച് കെട്ടിടത്തിൽ സോളാർപാനൽ വാട്ടർ ഹീറ്റർ സ്ഥാപിച്ചിട്ടുണ്ട്.

പരാതിക്കാരനും സെക്രട്ടറിയും അദാലത്തിൽ ഹാജർ ആയിരുന്നു. പെർമിറ്റ് അപേക്ഷയിൽ കാണിച്ചതിൽ നിന്ന് വ്യത്യസ്തമായാണ് സൈറ്റ് പ്ലാൻ എന്ന് കാണിച്ച് രണ്ട്

തവണ നഗരസഭയിൽ നിന്ന് ടിയാൾക്ക് കത്ത് നൽകിയെന്നാണ് സെക്രട്ടറി അറിയിച്ചത്. അഡ്രസ്സ് തെറ്റായതിനൽ (പോസ്റ്റ് തൊഴുവാനൂർ എന്നതിന് പകരം വളാഞ്ചേരി എന്ന് രേഖപ്പെടുത്തിയതിനാൽ) കത്ത് ലഭിച്ചിട്ടില്ല എന്നാണ് പരാതിക്കാരൻ പറയുന്നത്. 21-9-23ന് നഗരസഭയിൽനിന്നും നൽകിയ കത്തിൽ 13 ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യപ്പെട്ടതായി കാണുന്നു. മറ്റൊരു ലൈൻസ്ഡ് എഞ്ചിനീയറുടെ സഹായത്തോടെ നഗരസഭ അസി. എഞ്ചിനീയറുടെ കത്തിൽ പറയുന്ന അപാകതകൾ പരിഹരിച്ച് അപേക്ഷയും പ്ലാനുകളും നഗരസഭയിൽ സമർപ്പിക്കുന്നതിന് അപേക്ഷകനു് നിർദ്ദേശം നൽകി തീരുമാനിച്ചു. അവയിൽ പരിഹരിക്കാൻ കഴയാത്തവ ഉണ്ടെങ്കിൽ സർക്കാരിൽനിന്നും ഇളവിന് Appendix M, Nൽ ചട്ടം 3(5) പ്രകാരം ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷകനു് നിർദ്ദേശം നൽകിയും തീരുമാനിച്ചു.

**പരാതി 7**

**കുറ്റിപ്പുറം ഗ്രമാപഞ്ചായത്ത്**

**മൊയ്തീൻകുട്ടി, കോട്ടപ്പുഉപ്പറമ്പത്ത് ഹൌസ്, കുറ്റിപ്പുറം** . 1/256 നമ്പർ വീടിന് പഞ്ചായത്തിൽ നികുതി അടവാക്കി വന്നിരുന്നതാണ്. പഴയ രജിസ്റ്റർ ഇല്ലാത്തതിനാൽ നികുതി അടവാക്കാൻ കഴിയുന്നില്ലെന്നാണ് പരാതിപ്പെട്ടിരിക്കുന്നത്. 3-2008ൽ 587 രൂപ നികുതി അടച്ച രസീതി പരാതിയോടൊപ്പം ചേർത്തിട്ടുണ്ട്. 2013-14 വരെ നികുതി അടച്ച രസീതിയും ഹാജരാക്കിയിട്ടുണ്ട്. 2014-15 മുതലുള്ള കുടിശ്ശിക നികുതി പഞ്ചായത്തിൽ അടവാക്കാൻ സൌകര്യം ചെയ്യണമെന്നാണ് അപേക്ഷ. പരാതിക്കാരൻ അദാലത്തിൽ ഹാജരായിരുന്നില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി പറഞ്ഞതനുസരിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ നിലവിൽ കെട്ടിട വിവരങ്ങൾ ലഭ്യമല്ല. അസസ്സ്മെന്റ് രജിസ്റ്റർ കമ്പ്യൂട്ടറൈസ് ചെയ്ത സമയത്ത് ഈ കെട്ടിട നമ്പർ വിട്ട് പോയതിനാലാണ് നികുതി അടക്കാൻ കഴിയാത്തതെന്ന് കാണുന്നു. ആയതിനാൽ പ്യൂരിഫിക്കേഷന് സൈറ്റ് IKM എനേബിൾ ചെയ്ത കൊടുത്താൽ 1/256 നമ്പർ കെട്ടിടത്തിന്റെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർത്ത് നികുതി അടവാക്കാം എന്നാണ് സെക്രട്ടറി അറിയച്ചത്. സൈറ്റ് എനേബിൾ ചെയ്യുന്നതിനായി IKMന് ഉചിത മാർഗ്ഗത്തിൽ അപേക്ഷ നൽകുന്നതിന് സെക്രട്ടക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. ഈ വിവരം രേഖാമൂലം പരാതിക്കാരനെ അറിയിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 8**

**കുറ്റിപ്പുറം ഗ്രമാപഞ്ചായത്ത്**

**റസലത്ത് കെ, നിരത്തവളപ്പിൽ, കിഴിക്കര ഒതളൂർ വെസ്റ്റ്** എന്നവർ അദാലത്തിൽ ഹാജരായിരുന്നില്ല. പരാതിക്കാരിയെ വിളിച്ച് അന്വേഷിച്ചതനുസരിച്ച് ടിയാൾ 2022 മെയ് 12ന് ദന്തൽ ക്ലിനിക്കിന് ലൈസൻസിനായി അപേക്ഷ കൊടുത്തിരുന്നു. 18/217 എന്ന നമ്പറിലുള്ള വാടക വീട്ടിൽ ആണ് ദന്തൽ ക്ലിനിക്കും മെഡിക്കൽ ക്ലിനിക്കും നടത്തുത്. പരാതിക്കാരിക്ക് ലൈസൻസ് അനുവദിക്കുന്നതിന് തടസ്സമില്ലെന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അദാലത്തിൽ അറിയിച്ചത്. ആയതിനാൽ ലൈസൻസ് അനുവദിച്ച് ആയതിന്റെ കോപ്പി അയച്ച് നൽകുന്നതിന് സെക്രട്ടറിക്ക് നിദ്ദേശം നൽകി തീരുമാനിച്ചു.

**പരാതി 9**

**കുറ്റിപ്പുറം ഗ്രമാപഞ്ചായത്ത്**

**വിജയൻ, നെല്ലിക്കൽ ഹൌസ്, കുറ്റിപ്പുറം** എന്നവർ അദാലത്തിൽ ഹാജരായിരുന്നില്ല. വിജയൻ പൊതുവായിട്ട് ഒരു പരാതി നൽകിയതാണ് ഇപ്പോൾ അന്വേഷിച്ചതിൽ ഇയാൾക്ക് പരാതിയില്ല എന്നാണ് അറിയാൻ കഴിഞ്ഞത് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. നഞ്ച ഭൂമിയിലാണ് വീട് നിർമ്മിച്ചിരിക്കുന്നത്. നവകേരള സദസിൽ വന്ന ഒരു പരാതിയായതിനാൽ പരാതിക്കാരനിൽ നിന്നും പരാതിയുടെ വിശദമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കുവാൻ കത്തു നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

അദാലത്തിൽ പരിഗണിക്കുന്ന നവകേരള സദസ്സിൽ ലഭിച്ച പരാതികൾ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് മുൻകൂട്ടി അയച്ച് നൽകി അതിൽ സ്വീകരിക്കേണ്ട നടപടികളെകുറിച്ച് പ്രത്യേകം കത്ത് നൽകുകയും ചെയ്തിട്ടും സെക്രട്ടറിയും ബന്ധപ്പെട്ട ജീവനക്കാരും അവക്ക് ഒട്ടും പരിഗണന നൽകാതെയും പരാതികളെ കുറിച്ച് മനസ്സിലാക്കാതെയുമാണ് അദാലത്തിൽ പങ്കെടുത്തതെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. മാത്രമല്ല പരാതിക്കാരെ അദാലത്തിൽ

പങ്കെടുപ്പിക്കുകയും ചെയ്തിട്ടില്ല എന്നും കാണുന്നു. ഇത് ഗൌരവമായ വീഴ്ചയായി കാണുന്നു. ഭാവിയിൽ ഇത്തരം നിരുത്തരവാദപരമായ നടപടി പരാതികൾ കൈകാര്യം ചെയ്യുന്നതിൽ ഉണ്ടാവരുതെന്ന് കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കർശന നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**പരാതി 10**

**തവനൂർ ഗ്രമാപഞ്ചായത്ത്**

**ഉബൈദ്, ഉള്ളാട്ടുവളപ്പിൽ ഹൌസ്, തവനൂർ** എന്ന പരാതിക്കാരനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അദാലത്തിൽ സന്നിഹിതരായിരുന്നു. പരാതിക്കാരൻ പറയുന്നതനുസരിച്ച് ടിയാളുടെ 15/23 സർവ്വേ നമ്പറിൽ പെട്ട 98, 99, 99A, 99B, 99C എന്നീ നമ്പറുകൾ ഉള്ള കെട്ടിടത്തോട് 4 കടമുറികൾ കൂടി ചേർത്ത് നിർമ്മിച്ചിട്ടുണ്ട്. പുതുതായി നിർമ്മിച്ച 4 മുറികൾക്ക് വില്ലേജ് ഓഫീസിൽ ഒറ്റത്തവണ നികുതി അടവാക്കിയതാണ്. ഈ മുറികൾക്ക് പഞ്ചായത്തിൽനിന്നും നമ്പർ ലഭിച്ചില്ല എന്നാണ് പരാതിയിൽ പറയുന്നത്. മുൻപത്തെ 5 മുറികൾ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ ഇല്ലാത്ത സമയത്ത് നിർമ്മിച്ചവ ആയതിനാലാണ് നമ്പർ നൽകിയത് എന്നാണ് സെക്രട്ടറി പറയുന്നത്. എന്നാൽ പുതിയ നിർമ്മാണത്തിന് നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമം ബാധകമായതിനാൽ ആർ.ഡി.ഒയുടെ അനുമതി ഉത്തരവ് ലഭിച്ചാൽ മാത്രമേ നമ്പർ നൽകുവാൻ കഴിയുകയുള്ളൂ. ആയതിനാൽ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ ആർ ഡി ഓക്ക് ഫോറം നമ്പർ 6ൽ നൽകുവാൻ പരാതിക്കാരന് നിർദ്ദേശം നൽകി തീരുമാനിച്ചു.

**18-1-24ലെ അദാലത്ത് മിനുട്സിൻറെ പ്രസക്ത ഭാഗം**

**പരാതി 11**

**തവനൂർ ഗ്രമാപഞ്ചായത്ത്**

**മുഹമ്മദ് സിദ്ദീഖ് ജി, തവനൂർ.** സബ്ന, ഹസീന, ആമിനു കെ., ഷാഹിദ, മുഹമ്മദ് ഷാഫി എന്ന് അഞ്ച് കുടുബങ്ങളുടെ നഞ്ച ഭൂമിയിലുള്ള വീടുകൾക്ക് നമ്പർ ലഭിക്കുന്നതിന് വേണ്ടിയായി പൊതുവായി നൽകിയ പരാതിയാണ് മുഹമ്മദ് സിദ്ദിഖിന്റേത്. ഇതിൽ സബ്ന എന്നവരുടേത് തരം മാറ്റുന്നതിനായി ആർ ഡി ഒക്ക് അപേക്ഷ നൽകേണ്ടതാണ്. ഹസീന 2015-16 ലെ ഐഎവൈ ഗുണഭോക്താവാണ്. രണ്ട് ലക്ഷം രൂപ ഐഎവൈ ധനസഹായം ലഭിച്ചിട്ടുണ്ട്. ഇവർ കൃഷി ഓഫീസറിൽ നിന്നും ഫോറം 5ൽ അപേക്ഷ നൽകിയിട്ടും ആർ ഡി ഒക്ക് അപേക്ഷ നൽകിയിട്ടും ഇതുവരെയായും യാതൊരു മറുപടിയും ഇല്ലെന്നാണ് അറിയച്ചത്. ആമിനു എന്നവർക്ക് സ്ഥലം വാങ്ങുന്നതിന് ഒരു ലക്ഷം രൂപയും വീട് നിർമ്മാണത്തിന് ഫിഷറീസ് വകുപ്പിൽ നിന്നും രണ്ടു ലക്ഷം രൂപയും ധനസഹായം ലഭിച്ചിട്ടുണ്ട്. ഷാഫി എന്നവർക്ക് അനുകൂല്യമൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ഈ അപേക്ഷകൾ എല്ലാം തന്നെ RDOക്ക് കൈമാറുന്നതിനായി ജില്ലാ കമ്മിറ്റിക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

**പരാതി 12**

**തവനൂർ ഗ്രമാപഞ്ചായത്ത്**

**പ്രേമ, പെരാക്കുന്നത്ത് ഹൌസ്, വെള്ളാഞ്ചേരി, തൃക്കണാപുരം.** 181/A എന്ന സർവ്വേ നമ്പറിലുള്ള രണ്ടര ഏക്കറിൽ 10 സെന്റ് സ്ഥലത്താണ് പരാതിക്കാരി വീട് വെച്ചിരിക്കുന്നത്. അദാലത്തിൽ ഹാജരായിരുന്നില്ല. പരാതിക്കാരിയെ ഫോണിൽ ബന്ധപ്പെട്ടിരുന്നു. 22-6-20ന് പഞ്ചായത്തിൽ നമ്പറിന് അപേക്ഷ നൽകിയിരുന്നു. നഞ്ച ഭൂമി ആയതിനാൽ ടിയാളുടെ അപേക്ഷ ആർ.ഡി.ഒ നിരസിച്ചതാണ്. തരം മാറ്റുന്നതിന് വീണ്ടും അപേക്ഷ സമർപ്പിക്കുന്നതിന് RDO ഓഫീസിൽനിന്നും നിർദ്ദേശിച്ചതിനാൽ 11-7-23ന് വീണ്ടും RDO ക്ക് അപേക്ഷ നൽകി. സാറ്റലൈറ്റ് റിപ്പോർട്ട് ലഭിക്കേണ്ടതുണ്ടെന്ന് അറിയിച്ചതായും പ്രേമ പറഞ്ഞു. ആയതിനാൽ തരം മാറ്റാൻ അനുമതി നൽകികൊണ്ടുള്ള RDO യുടെ ഉത്തരവിനായി കാക്കുവാൻ പരാതിക്കാരിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**പരാതി 13**

**വട്ടംകുളം ഗ്രാമപഞ്ചായത്ത്**

**ഭവിത പി.വി, പൂവത്താൻകണ്ടി, വട്ടംകുളം, എടപ്പാൾ.** 6 ആം വാർഡിൽ വർഷമായി താമസിക്കുന്ന വീടിന് നമ്പർ ലഭിച്ചില്ല എന്നാണ് പരാതി. ഇപ്പോൾ മൂന്നുവർഷമായി കെട്ടിടനമ്പറിന് അപേക്ഷിച്ചിട്ട് ലഭ്യമായില്ല എന്നാണ് പരാതിയിൽ പറയുന്നത്. ഭവിതക്ക് വേണ്ടി അമ്മ ലീലയാണ് അദാലത്തിൽ പങ്കെടുത്തത്. വീടിന്റെ വിസ്തീർണ്ണം 100 ച. മീ ക്ക് താഴെ ആയതിനാൽ പണിതപ്പോൾ പെർമിറ്റ് എടുത്തിരുന്നില്ല. പൂർത്തീകരിച്ചപ്പോൾ 100 ച. മീക്ക് മുകളിൽ ആയതിനാൽ ക്രമവൽക്കരിക്കേണ്ടതുണ്ട്. ഇവർ പ്ലാൻ തയ്യാറാക്കി തന്നിട്ടില്ല, കൂടാതെ വീടിന്റെ വിസ്തീർണ്ണം 950 m2 എന്നതിന് പകരം 1090 m2 ഉണ്ടെന്നും റെഗുലറൈസേഷന് അപേക്ഷ സമർപ്പിക്കുന്നതിനായി കത്ത് നൽകിയിട്ട് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല എന്നും സെക്രട്ടറി അറിയിച്ചു. ഒരു ഭാഗം അടുത്ത പ്ലോട്ടിനോട് ചേർന്ന് വരുന്നുണ്ട്. ആയതിനാൽ സ്വകാര്യ വ്യക്തിയുടെ കൺസെന്റ് വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കുന്നതിനും ലൈസൻസിയോട് പുതിയ പ്ലാനിൽ ആവശ്യമായ തിരുത്തൽ വരുത്തി സമർപ്പിക്കുന്നതിനും അപേക്ഷകക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

പരാതി 14

വട്ടംകുളം ഗ്രാമപഞ്ചായത്ത്

**അബ്ദുൾ ഷുക്കൂർ എം, മറയങ്ങാട്ട് ഹൌസ്, മാണൂർ, കാലടി** എന്നവർ 2/28 എന്ന കടമുറിക്ക് മുകളിലേക്ക് പുതുതായി നിർമ്മിച്ച മുറിക്ക് നമ്പർ അനുവദിക്കുന്നതിന് 3 വർഷമായി അപേക്ഷിക്കുന്നു എന്നാൽ നമ്പർ അനുവദിച്ചില്ല എന്നാണ് പരാതി. പരാതിക്കാരന് വേണ്ടി കുഞ്ഞിഹൈദർ മൌലവി എന്നവർ ഹാജരായി. പരാതിയിൽ പറയുന്ന കെട്ടിടത്തിന് 2/28എച്ച് എന്ന നമ്പർ അനുവദിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. ആയതിനാൽ പരാതിയിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് തീരുമാനിച്ചു. നമ്പർ നൽകിയ വിവരം adalatappൽ സെക്രട്ടറി ചേർക്കേണ്ടതാണ്.

പരാതി 15

വട്ടംകുളം ഗ്രാമപഞ്ചായത്ത്

**കുഞ്ഞി ഹൈദർ മൌലവി, മറയങ്ങാട്ട് ഹൌസ്, മാണൂർ,** എന്നവർ പഞ്ചായത്തിലെ രണ്ടാം വാർഡിൽ മജ് ലിസ് മനാറുൽ ഹുദാ എന്ന സ്ഥാപനത്തിന് കീഴിൽ പ്രവർത്തിച്ച് വരുന്ന രണ്ട് പള്ളികൾക്ക് (രിഫാഈ മസ്ജിദ് – 2003 ൽ നിർമ്മിച്ചത്, ബദ്രിയ്യ പള്ളി – 2011 ൽ നിർമ്മിച്ചത് ) നമ്പർ അനുവദിക്കുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഇവക്ക് നേരത്തെ പഞ്ചായത്തിൽനിന്നും നമ്പർ നൽകുകയും കമ്പ്യൂട്ടർ വൽക്കരണം മൂലം നമ്പർ നഷ്ടപ്പെടുകയും ചെയ്തു എന്നും പലതവണ അപേക്ഷിച്ചിട്ടും അനുവദിച്ച് നൽകിയില്ല എന്നും പറഞ്ഞിരിക്കുന്നു. 2003ൽ നിർമ്മിച്ചത് എന്ന് പറയുന്ന രിഫാഈ മസ്ജിദിന് കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ആയത് അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് സമീപ കെട്ടിടങ്ങളുടെ വിവരങ്ങളുമായി ഒത്തുനോക്കി കണ്ടെത്തി നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. 2011ൽ നിർമ്മിച്ചു എന്ന് പറയുന്ന ബദരിയ്യ പള്ളി കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നതിന് ശേഷം നിർമ്മിച്ചതായതിനാൽ പെർമിറ്റ്/ക്രമവൽക്കരണം ആവശ്യമുള്ള കെട്ടിടമാണ്. ആരാധനാലയമായതിനാൽ ജില്ലാ കലക്ടറുടെ അനുമതിയും ആവശ്യമാണ്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് അപേക്ഷൻ പഞ്ചായത്തിൽ സമർപ്പിച്ച രേഖകളും ബിൽഡിംഗ് പെർമിറ്റ് അപേക്ഷ രജിസ്റ്ററും പഞ്ചായത്ത് ഓഫീസിൽ പരിശോധിച്ച് അനുമിയോടെ നിർമ്മിച്ച കെട്ടിടമാണോ എന്നും ആയതിന് നമ്പർ നൽകിയിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിന് സെക്രട്ടറിയെയും പഞ്ചായത്ത് അനുമതിയോടെ നിർമ്മിച്ചതാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കുന്നതിന് പരാതിക്കാരനും നിർദ്ദേശം നൽകി തീരുമാനിച്ചു.

2011ൽ ബദരിയ്യ പള്ളി കെട്ടിടം നിർമ്മിച്ചിരിക്കുന്നത് അനുമതി ഇല്ലാതെയാണങ്കിൽ കെട്ടിട നമ്പറും നൽകി കാണില്ല എന്ന് സമിതി വിലിയിരുത്തി. അത്തരം സാഹചര്യത്തിൽ ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിന് പുതിയ അപേക്ഷ പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കുന്നതിന് പരാതിക്കാരന് നിർദ്ദേശം നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

പരാതി 16

പൊന്നാനി നഗരസഭ

**ബീവു പാലക്കൽ, പള്ളപ്രം** എന്നവർ കെട്ടിടനമ്പർ അനുവദിക്കുന്നതിനായാണ് പരാതി സമർപ്പിച്ചിരിക്കുന്നത്. പരാതിക്കാരി അദാലത്തിൽ ഹാജരായിരുന്നില്ല. സെക്രട്ടറിക്ക് വേണ്ടി ഓവർസീയർ മനോജ്കുമാർ ഹാജരായി. ഇവരുടെ വീട് 30 വർഷം പഴക്കമുള്ളതിനാൽ 20 വർഷം മുമ്പ് 35000 രൂപ ധനസഹായം ലഭിച്ച് പുതുക്കി പണിതു. UA നമ്പർ ലഭിച്ചു. കനോലി കനാലിന് സമീപമായതിനാൽ CRZ പരിധിയിൽ പെട്ടതാണോ എന്ന് ഒരിക്കൽ കൂടി അളന്ന് തിട്ടപ്പെടുത്തുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും ബദ്ധപ്പെട്ട ഓവർസീയറെ ചുമതലപ്പെടുത്തുവാനും CRZ പരിധിയിൽ പെട്ടതാണെങ്കിൽ പരാതിക്കാരിയോട് crz അനുമതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുവാനും നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

പരാതി 17

പൊന്നാനി നഗരസഭ

**അബ്ദുൾ ലത്തീഫ്, പൌനക്കാനകത്ത്, പൊന്നാനി സൌത്ത്** എന്നവർ ടിയാളുടെ പേരിലുള്ള ക്വാർട്ടേഴ്സിസിന്റെ ഒന്നാം നില പൂർത്തീകരിച്ച് നമ്പർ അനുവദിക്കുന്നതിന് 2012ൽ നഗരസഭയിൽ അപേക്ഷ നൽകി ഇത് വരെ നമ്പർ ലഭിച്ചില്ല എന്നാണ് പരാതി. പരാതിക്കാരന്റെ കെട്ടിടത്തിന്റെ സെറ്റ് ബാക്ക് 110 സെ.മീ. വേണ്ടിടത്ത് 80സെ.മീ. മാത്രമേയുള്ളൂ എന്ന് നഗരസഭ ഓവർസീയർ അറിയിച്ചു. നഗരസഭ ഇക്കാര്യം കാണിച്ച് 13/07/2023 ന് നൽകിയ കത്തിന് പരാതിക്കാരൻ മറുപടി ലഭ്യമാക്കിയില്ല. ചട്ടം 3(5) പ്രകാരം ഇളവ് ലഭിക്കുന്നതിന് Appendix Nൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. കൂടാതെ പ്രത്യേക ഇളവ് ലഭിക്കുന്നതിന് പരാതി സർക്കാരിലേക്ക് നേരിട്ട് സമർപ്പിക്കുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിനും തീരുമാനിച്ചു.

പരാതി 18

പൊന്നാനി നഗരസഭ

**ചന്ദ്രമതി, W/o. രാജൻ, പാണേക്കാട്ട് ഹൌസ്, ഈഴവത്തിരുത്തി, പൊന്നാനി** എന്നവർ കെട്ടിടനമ്പർ അനുവദിക്കുന്നതിനായാണ് പരാതി സമർപ്പിച്ചിരിക്കുന്നത്. പരാതിക്കാരിയെ(ഷിജി) ഫോണിൽ ബന്ധപ്പെട്ടതിൽ നിന്നും നഞ്ചയ ഭൂമി ആയതിനാലാണ് കെട്ടിട നമ്പർ ലഭിക്കാത്തതെന്ന് ബോധ്യപ്പെട്ടു. 2008 ന് മുമ്പ് പെർമിറ്റ് ലഭിച്ചിരുന്നു എന്നും നികത്തുന്നതിനുള്ള അനുമതിക്ക് RDO ക്ക് ഒരു വർഷം മുമ്പ് അപേക്ഷ നൽകിയെന്നും അറിയിച്ചു. ഈ പരാതി സംബന്ധിച്ച് വിവരങ്ങളൊന്നും ലഭ്യമാക്കാൻ നഗരസഭക്ക് കഴിഞ്ഞില്ല. ആയതിനാൽ പരാതിക്കാരിയെ ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനും ആർ ഡി ഒ അനുമതി ലഭിക്കുന്ന മുറക്ക് ഓക്യുപെൻസി സർട്ടിഫിക്കേറ്റ് അനുവദിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

പരാതി 19

പൊന്നാനി നഗരസഭ

**ഹംസു ഭാര്യ ആയിഷ, കല്ലറക്കൽ, പുതപൊന്നാനി** എന്നവർക്ക് ഫിഷറീസ് വകുപ്പിൻറെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലവും വീടും പാസ്സായിരുന്നു. 10 ലക്ഷം രൂപ ലഭിച്ചു. നിർമ്മാണത്തിന് നഗരസഭയിൽനിന്നും പെർമിറ്റും ലഭിച്ചു. എന്നാൽ കനോലി കനാലിൽ നിന്നും 5 മീറ്റർ അകലം ഇല്ലാത്തതിനാൽ മുനിസിപ്പാലിറ്റിയിൽ നിന്നും പെർമിറ്റ് അനുവദിച്ചുകിട്ടിയില്ല എന്നാണ് പരാതിയിൽ പറയുന്നത്. ഈ പരാതി സംബന്ധിച്ച് വിവരങ്ങളൊന്നും ലഭ്യമാക്കാൻ നഗരസഭക്ക് കഴിഞ്ഞില്ല. പരാതിക്കാരിയെ ഫോൺ വഴി ബന്ധപ്പെട്ടിരുന്നു. CRZ അനുമതിക്കുള്ള അപേക്ഷ മലപ്പുറത്ത് നിന്നും പാസ്സാക്കി തിരുവനന്തപുരത്തേക്ക് അയച്ചു എന്നും അവിടെ നിന്നും നഗരസഭയിൽ എത്തിയിട്ടുണ്ടെന്നും അവർ അറിയിച്ചു. ഈ പരാതിയിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. റിപ്പോർട്ട് 25-1-24ന് മുമ്പ് നൽകേണ്ടതാണ്.

**പരാതി 20**

**പൊന്നാനി നഗരസഭ**

**വിചിത്ര, തെക്കത്ത് ഹൌസ്, പൊന്നാനി** എന്നവർ താമസത്തിനായി നിർമ്മിച്ച ഷെഡിന് നമ്പർ അനുവദിക്കുന്നതിനാണ് പരാതി നൽകിയിരിക്കുന്നത്. പരാതിക്കാരി അദാലത്തിൽ ഹാജരായില്ല. ഫോൺ വഴി ബന്ധപ്പെടുന്നതിനും കഴിഞ്ഞില്ല. പരാതിയിൽ വിശദാംശങ്ങൾ നൽകിയിട്ടുമില്ല. 9-1-21ന് 80 m2 വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്ന് ഓവർസീയർ അറിയിച്ചു. ആയതിനാൽ ഓക്യുപെൻസി സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 21**

**പൊന്നാനി നഗരസഭ**

**ഹസ്സൻ, ഏഴ്കുടിക്കൽ, പൊന്നാനി സൌത്ത്** എന്നവർ വീട് വെച്ചത് കനോലി കനാലിന് തീരത്തായതിനാൽ വീടിന് നമ്പറൊ പെർമിറ്റൊ അനുവദിച്ച കിട്ടിയില്ല എന്നാണ് പരാതിയിൽ പറയുന്നത്. മത്സ്യതൊഴിലാളിയായ തനിക്ക് 4 സെന്റ് ഭൂമിമാത്രമാണുള്ളത്. നഗരസഭയിൽ അപേക്ഷ നൽകിയെന്ന് ടെലഫോൺ വഴി അറിയിച്ചു. അപേക്ഷയെകുറിച്ച് അറിയില്ലെന്ന് ഓവർസീയർ അറിയിച്ചു. പരാതി പരിശോധിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി. അപേക്ഷയുടെ നിജസ്ഥിതി 5 ദിവസത്തിനകം അറിയിക്കേണ്ടതാണ്. CRZ അനുമതി ആവശ്യമെങ്കിൽ ആയതിന് പ്രത്യേക അപേക്ഷ നൽകുവാൻ പരാതിക്കാരന് നിർദ്ദേശം നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 22**

**പൊന്നാനി നഗരസഭ**

**അബ്ദുൾ കരീം, നമ്പ്രവീട്ടിൽ, പൊന്നാനി** എന്നവർ ഉമ്മയുടെ പേരിലുള്ള 29/33 നമ്പർ കെട്ടിടം ജമമാറ്റി ടിയാളുടെ പേരിലേക്ക് ആക്കുന്നതിന് പൊന്നാനി മുനിസിപ്പാലിറ്റിയിൽ 25-9-18ന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ വർഷങ്ങളായി താമസിച്ചുവരുന്ന വീടിന് അതിർത്തിയിൽ നിന്നും വേണ്ടത്ര അകലമില്ല എന്ന കാരണത്താൽ ജമമാറ്റി 2019 മുതൽ നികുതി അടവാക്കാൻ സാധിക്കുന്നില്ല എന്നാണ് പരാതിക്കാരൻ പറയുന്നത്. പരാതിക്കാരനെ ഫോൺ വഴി ബന്ധപ്പെട്ടു. അപാകത പരിഹരിക്കുന്നതിന് അയൽക്കാരിൽനിന്നും സ്ഥലം വിലകൊടുത്ത് വാങ്ങിയെന്നും അറിയിച്ചു. പരാതിയുമായി ബന്ധപ്പെട്ട ഫയലിന്റെ വിശദാംശങ്ങൾ നൽകുന്നതിന് ഓവർസായർക്ക് കഴിഞ്ഞില്ല. ആയതിനാൽ ഈ പരാതിയുമായി ബന്ധപ്പെട്ട വാർഡ് ചുമതലയുള്ള ഓവർസീയറിൽനിന്നും റിപ്പോർട്ട് വാങ്ങി അദാലത്ത് സമിതിക്ക് സമർപ്പിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**പരാതി 23**

**പൊന്നാനി നഗരസഭ**

**ഷിജി, W/o. അനൂപ്, പാണേക്കാട്ട് ഹൌസ്, ഈഴവത്തിരുത്തി** എന്നവർക്ക് 12ആം നമ്പരായി അവകാശപ്പെട്ട 6.5 സെൻറ് സ്ഥലത്ത് തറപ്പണി പൂർത്തിയാക്കിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം കൃഷിസ്ഥലമായതിനാൽ നഗരസഭ പെർമിറ്റ് അനുവദിക്കുന്നില്ല എന്നാണ് പരാതിയിൽ പറയുന്നത്. പരാതിയുടെ വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല. ടെലഫോൺ വഴി ബന്ധപ്പെട്ടു. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ RDO ക്ക് സമർപ്പിച്ച് അനുമതി വാങ്ങേണ്ടതുണ്ടെന്ന് യോഗം വിലിയിരുത്തി. അയതിനാൽ പരാതിക്കാരിയോട് ഫോറം 5/ഫോറം 6ൽ RDO ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച് ഉത്തരവ് വാങ്ങി ക്രമവൽക്കരണ അപേക്ഷ നഗരസഭയിൽ സമർപ്പിക്കുന്നതിന് പരാതിക്കാർക്ക് നിർദ്ദേശം നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**പരാതി 24**

**പൊന്നാനി നഗരസഭ**
**കരീം, കോലജിയാരകത്ത്, പൊന്നാനി** എന്നവർ 2017 ൽ ബിൽഡിംഗ് പെർമ്മിഷൻ എടുത്ത് വീടുപണി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടും ഇതുവരെ നമ്പർ അനുവദിച്ചില്ല എന്നാണ് പരാതിയിൽ പറയുന്നത്. 7-2-20ന് അപേക്ഷകന് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്നും ഓക്യുപെൻസി സർട്ടിഫിക്കേറ്റ് നൽകിയതായും പ്രശാന്ത് എന്നയാൾ ആയത് കൈപ്പറ്റിയതായും നഗരസഭ ഓവർസീയർ അറിയിച്ചു. ഓക്യുപെൻസി സർട്ടിഫിക്കേറ്റ് നൽകിയിട്ടും കെട്ടിട നമ്പർ അനുവദിച്ച് നൽകാത്തത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് റവന്യൂ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. ഇത് സംബന്ധിച്ച് വാർഡ് ചുമതലയുള്ള ഓവർസീയർ പരാതിക്കാരനെ ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതും അടുത്ത് അദാലത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**പരാതി 25**
**പൊന്നാനി നഗരസഭ**
**ചെറുവളപ്പിൽ ജമീല, പൊന്നാനി സൌത്ത്,** എന്നവർ കനോലി കനാലിന്റെ തീരത്ത് ആയതിനാൽ CRZ പരിധിയിൽ പെട്ടതിന്റെ ഭാഗമായി വീട്ടുനമ്പർ ലഭിച്ചില്ല, എന്നും ഇവരുടെ വീടിന്റെ അടുത്തുള്ള വീടുകൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട് എന്നുമാണ് പരാതിയിൽ പറയുന്നത്. പരാതിക്കാരിയായ ജമീലക്ക് വേണ്ടി ഭർത്താവ് നൗഷാദ് ആണ് അദാലത്തിൽ പങ്കെടുത്തത്. 19/1/2021ൽ പുതിയ പ്ലാൻ ലഭ്യമാക്കുന്നതിനായി നഗരസഭയിൽ നിന്ന് കത്ത് നൽകിയിട്ട് ആയത് സമർപ്പിച്ചില്ല എന്ന് ഓവർസീയർ അറിയിച്ചു. കത്ത് ലഭിച്ചില്ലെന്ന് നൌഷാദ് അറിയിച്ചു. ആയതിനാൽ കത്തിന്റെ പകർപ്പ് നൌഷാദിന് നേരിട്ട് നൽകുന്നതിന് സെക്രട്ടറിക്കും കത്തിൽ പറയുന്ന ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുന്നതിന് ജമീലക്കും നിർദ്ദേശം നൽകി തീരുമാനിച്ചു.

പൊന്നാനി നഗരസഭയുമായി ബന്ധപ്പെട്ട് നവകേരള സദസ്സിൽ ലഭിച്ച 10 പരാതികൾ ഈ അദാലത്തിൽ പരിഗണിച്ചിരുന്നു. പരാതികളുടെ പകർപ്പ് നഗരസഭയിലേക്ക് നേരത്തെ തന്നെ അയച്ച് നൽകുകയും അവയിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കത്തും നൽകിയിരുന്നു. ഖേദകരമെന്ന് പറയട്ടെ അവയിൽ 3 എണ്ണത്തിൽ മാത്രമേ വിശദീകരണം നൽകുവാൻ നഗരസഭക്ക് കഴിഞ്ഞിട്ടുള്ളൂ. വേണ്ടത്ര തയ്യാറെടുപ്പില്ലാതെയും പരാതിയുമായി ബന്ധപ്പെട്ട നഗരസഭയിലെ ഫയൽ പഠിക്കാതെയുമാണ് സെക്രട്ടറിക്ക് വേണ്ടി ഓവർസീയർ അദാലത്തിൽ ഹാജരായതെന്ന് സമിതി വിലയിരുത്തി. അദാലത്തിൽ ഒരു പാരാതിക്കാരൻ മാത്രമാണ് പങ്കെടുത്തത്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികളിൻമേൽ ബന്ധപ്പെട്ട ഓവർസീയർമാരിൽനിന്നും റിപ്പോർട്ട് വാങ്ങി സെക്രട്ടറിയോ മുനിസിപ്പൽ എഞ്ചിനീയറൊ അദാലത്തിൽ പങ്കെടുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**ഈ അദാലത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറിമാർ നടപടികൾ സ്വീകരിച്ച് ഉചിതമായ മറുപടി സമയബന്ധിതമായി പരാതിക്കാർക്ക് നേരിട്ട് അയച്ച് നൽകേണ്ടതും പകർപ്പ് ഈ ഓഫീസിലെ ivo2adlsgdmpm@gmail.com എന്ന മെയിലിലേക്ക് അയച്ച് നൽകേണ്ടതുമാണ്. കൂടാതെ സെക്രട്ടറിമാർ adalatapp.lsgkerala.gov.in എന്ന സൈറ്റിൽ പെൻ നമ്പരും ഔദ്യോഗിക മൊബൈൽ നമ്പരും നൽകി ലോഗിൽ ചെയ്ത് കയറി മേൽ അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ അപ്ഡേറ്റ് ചെയ്യേണ്ടതും ആവശ്യമായ രേഖകളും മറുപടികളും അപ്ലോഡ് ചെയ്യേണ്ടതുമാണ്.**

അദാലത്ത് 1സിറ്റിംഗ് 1ച45 പി എംന് അവസാനിച്ചു.

മലപ്പുറം ഉപജില്ലാ സമിതി -2 ന് വേണ്ടി,

**1.**ഖാലിദ് പി കെ, ഇൻറേണൽ വിജിലൻസ് ഓഫീസർ, കൺവീനർ (ഒപ്പ് )
**2.**റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം (ഒപ്പ് )
**3.**അജയകുമാർ പി, അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അംഗം (ഒപ്പ്)

//ശരിപ്പകർപ്പ്//

ഖാലിദ് പി കെ,
ഇൻറേണൽ വിജിലൻസ് ഓഫീസർ & കൺവീനർ,
സ്ഥിര  അദാലത്ത് ഉപജില്ലാ സമിതി–2

പകർപ്പ് :–

1. സെക്രട്ടറി,

   പൊന്നാനി, വളാഞ്ചേരി നഗരസഭകൾ

   ഇരിമ്പിളിയം, മാറാക്കര,  കാലടി, കൽപ്പകഞ്ചേരി, വട്ടംകുളം, തവനൂർ, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തുകൾ

പകർപ്പ് സമർപ്പിക്കുന്നു(ഉപരിപത്രം സഹിതം):–
കൺവീനർ, ജില്ലാതല അദാലത്ത് സമിതി(എസ്കലേറ്റ് ചെയ്ത പരാതികളിൽ നടപടികൾ സ്വീകരിക്കുന്നതിന് )